പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 6678 — 09.11. 2016 ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി. സബ് എഞ്ചിനീയർ നിയമനം

ചോദ്യം — ഉത്തരം

ശ്രീ.ഹൈബി ഈഡൻ — ശ്രീ.കടകംപള്ളി സുരേന്ദ്രൻ (വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ)കെ.എസ്.ഇ.ബി.-യിൽ സബ് എഞ്ചിനീയർമാരുടെ എത്ര തസ്തികകളാണ് ഉള്ളതെന്നും ഇതിൽ ഒഴിവുള്ള തസ്തികകൾ എത്രയെന്നും വ്യക്തമാക്കുമോ; | (എ) 3492. പി.എസ്.സി വഴി നേരിട്ട് നിയമിക്കേണ്ട ക്വാട്ടയിൽ (30%) 24 ഉം പ്രമോഷൻ ബൈ ട്രാൻസ്ഫറിലൂടെ പി.എസ്.സി വഴി നികത്തേണ്ട 10% ക്വാട്ടയിൽ 286-ഉം, 60% ക്വാട്ടയിൽ (പ്രമോഷൻ വഴി നികത്തേണ്ടത്) 320 ഉം ഒഴിവുകൾ ഉണ്ട്. |
| (ബി)താഴ്ന്ന തസ്തികയിൽ ജോലി ചെയ്തിരുന്നവർക്ക് താൽക്കാലിക പ്രമോഷൻ നൽകി സബ് എഞ്ചിനീയർമാരായി നിയമനം നൽകിയിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം നിയമനം ലഭിച്ചവർ എത്ര പേരുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) പ്രമോഷൻ നൽകി നികത്തേണ്ട 10% & 60% ക്വാട്ടകളിലെ ഒഴിവുകളിൽ സബ് എഞ്ചിനീയർ പ്രമോഷൻ ലഭിക്കാൻ യോഗ്യരായവരെ മറ്റുതസ്തികകളിൽ നിന്നും " സബ് എഞ്ചിനീയർ (ട്രെയിനി)" ആയി നിയമിച്ചിട്ടുണ്ട്. ഇപ്രകാരം 365 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. |
| (സി) ഇവരെ സബ് എഞ്ചിനീയർ തസ്തികയിൽ സ്ഥിരപ്പെടുത്താനാണോ അതോ പഴയ തസ്തികയിലേക്ക് തരം താഴ്ത്താനാണോ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (സി)പ്രമോഷൻ നൽകി നികത്തേണ്ട 10% & 60% ക്വാട്ടകളിലെ ഒഴിവുകൾ യഥാക്രമം പി.എസ്.സി വഴിയും പ്രമോഷൻ നൽകിയും നികത്തുന്ന മുറയ്ക്ക് ഇവരെ പഴയ തസ്തികയിലേയ്ക്ക് മാറ്റി നിയമിക്കുന്നതാണ്. |
| (ഡി)ഓപ്പൺ/കെ.പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തേണ്ട ഏതെങ്കിലും ഒഴിവുകൾ കെ.പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ ബാക്കിയുണ്ടോ; വിശദ വിവരം നൽകുമോ? | (ഡി) ഇല്ല. |

സെക്ഷൻ ഓഫീസർ